Draft #3 of File 175182/AC A10-4/2021/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Jan-2022 12:16 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പിഎച്ച്.ഡി. പ്രോഗ്രാം - പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 30.06.2022 വരെ ദീർഘിപ്പിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 259/AC A 10/2022/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 07.01.2022

---

*പരാമർശം:*-1. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 01.12.2021 തീയതിയിലെ എഫ്.നം.1-10/2020(CPP-II) നമ്പർ വിജ്ഞാപനം

2. 30.12.2021ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്) യുടെ യോഗ നടപടിക്രമം ഇനം നമ്പർ. 175182/AC A 10-4/2021

**<u>ഉത്തരവ്</u>**

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, പരാമർശം (1) വിജ്ഞാപന പ്രകാരം, എം. ഫിൽ / പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 31.12.2021 തീയതി എന്നത് സർവകലാശാലകൾക്ക് 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് 30.06.2022 വരെയാക്കി നൽകാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി. 2022 ജൂൺ മാസത്തിൽ പ്രബന്ധം സമർപ്പിക്കേണ്ടതാണെന്നുള്ള നിബന്ധന, 30.06.2022 എന്ന തീയതിക്കോ അതിനു മുൻപോ പ്രബന്ധം സമർപ്പിക്കേണ്ടിയിരുന്നവർക്കും ബാധകമാണെന്നും, മേൽ വിവരിച്ച 6 മാസ ദീർഘിപ്പിക്കൽ evidence of publication and presentation in two conferences എന്നിവ സമർപ്പിക്കുന്നതിനും ബാധകമായിരിക്കും എന്നും, എന്നാൽ ഫെല്ലോഷിപ്പ് കാലാവധി 5 വർഷം വരെ മാത്രമായിരിക്കും എന്നും വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

30.12.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്) യോഗം, മേൽ പരാമർശം (1) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എം.ഫിൽ/പിഎച്ച്.ഡി. വിദ്യാർത്ഥികളുടെ പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 31.12.2021 തീയതി എന്നത് 6 മാസത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിനും (30.06.2022 വരെ), ദീർഘിപ്പിച്ച കാലയളവിന് ഫീസ് ഇളവ് അനുവദിക്കുന്നതിനും, പരാമർശം (2) മിനുട്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രകാരം, ശിപാർശ ചെയ്യുകയും, ടി ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സെക്ഷൻ 3. 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് ബഹു. വൈസ് - ചാൻസലർ അംഗീകരിക്കുകയുമുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി. എസ്.
2. പ്രോ-വൈസ്-ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ പി. എ.
4. പരീക്ഷാ കൺട്രോളറുടെ പി. എ.
5. ഡയറക്ടർ, IQAC
6. റിസേർച്ച് ഡയറക്ടർ
7. JR II (Admn), DR I (Acad), AR XXI (Exams)
8. Ac A II, Ac A XI, Ac A XIII സെക്ഷനുകൾ
9. EB X, EB XIV സെക്ഷനുകൾ
10. IQAC സെക്ഷൻ
11. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
12. റെക്കോർഡ്സ് സെക്ഷൻ
13. സ്റ്റോക്ക് ഫയൽ
14. ഫയൽ നം. 175182/AC A10-4/2021/AC A10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 175182/AC A10-4/2021/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 07-Jan-2022 12:16 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം